പുതുതായി ആരംഭിക്കുന്ന ക്യാൻസർ സെന്റർ

13 (*313)ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ സംരംഭത്തിനാവശ്യമായ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എങ്കിൽ വിശദമാക്കുമോ;

(ഡി) സെന്റർമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ)&(ബി) ഉണ്ട്. സംസ്ഥാന ഊർജ്ജ വകുപ്പിന്റെ കീഴിൽ തലശ്ശേരി ആസ്ഥാനമാക്കി മലബാർ ക്യാൻസർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് ഒരു പുതിയ ക്യാൻസർ ആശുപത്രി സ്ഥാപിക്കുന്നത്. മുഖ്യമന്ത്രി ചെയർമാനായ ഒരു ഗവേണിംഗ്ബോർഡും, പവ്വർ സെക്രട്ടറി ചെയർമാനായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഈ ആശുപത്രിയുടെ ഭരണചുമതല നിർവഹിക്കുന്നത്. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 അനുസരിച്ച് ഈ സൊസൈറ്റി 1997 ജൂലൈ 30-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ മതിപ്പു ചെലവ് 103 കോടി രൂപയാണ്.

(സി) ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിവരുന്ന ഉദ്ദേശം 5 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കും. ബാക്കിതുക കാനഡയിലെ വിവിധ ഏജൻസികളിൽനിന്നും സഹായമായി ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

(ഡി) അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക മാത്രം മുടക്കി സംസ്ഥാനത്തിന് ആധുനിക സൗകര്യങ്ങളുള്ള ഒരു ക്യാൻസർ ആശുപത്രി ലഭിക്കും എന്നതാണ് പ്രധാനനേട്ടം. 270 കിടക്കകളോടെ വിഭാവനം ചെയ്തിരിക്കുന്ന ഈ ആശുപത്രിയിൽ ക്യാൻസർ ചികിത്സക്കുള്ള ആധുനിക സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഉത്തരകേരളത്തിലും മധ്യകേരളത്തിലുമുള്ള ക്യാൻസർ രോഗികൾക്ക് ഈ ആശുപത്രി വിദഗ്ദ്ധ ചികിത്സയ്ക്ക് സൗകര്യപ്രദമായിരിക്കും. മാത്രമല്ല പ്രാദേശിക വികസനവും ഇതുകൊണ്ട് ലഭിക്കും.

(ഇ) ഈ പദ്ധതിയുടെ ആദ്യഘട്ടം 2000-ാം ആണ്ട് അവസാനത്തോടെ പ്രവർത്തനക്ഷമമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly